Syro Malabar Commission for Liturgy



# നോമ്പ് മൂന്നാം ചൊവ്വ - ലൂക്കാ 21: 29-36

മിശിഹായുടെ മഹത്ത്വപൂർണ്ണമായ ആഗമനത്തിന്റെ അടയാളമെന്തെന്ന് ശിഷ്യന്മാർ ചോദിക്കുന്നു. ലോകാവസാനം ഉണ്ടാകുമെന്നും അതിനാൽ, ശിഷ്യന്മാർ ജാഗ്രത പുലർത്തണമെന്നതുമാണ് സുവിശേഷഭാഗം. ലോകാവസാനത്തെക്കുറിച്ച് സൂചിപ്പിക്കുവാൻ അത്തിവൃക്ഷത്തിന്റെ ഉപമയാണ് ഈശോ പറയുന്നത്. അത്തിവൃക്ഷത്തിന്റെ മാറ്റങ്ങൾ നിരീക്ഷിച്ചുകൊണ്ട് വേനൽക്കാലം അടുത്തുവെന്ന് ആളുകൾ മനസ്സിലാക്കുന്നു. അതുപോലെ പ്രപഞ്ചത്തിലെ മാറ്റങ്ങൾ നിരീക്ഷിച്ച് മനുഷ്യപുത്രന്റെ വരവിന് സമയമായി എന്ന നിഗമനത്തിലെത്താൻ കഴിയുമെന്ന് ഈശോ പറയുന്നു. ഇലകൾ കൊണ്ടെന്നപോലെ പാപികൾ വഞ്ചനയുടെ വസ്ത്രംകൊണ്ട് തങ്ങളെത്തന്നെയും മനസ്സാക്ഷിയെയും ആവരണം ചെയ്യുന്നുവെന്ന് വി.അംബ്രോസ് പ്രസ്താവിക്കുന്നു. മനുഷ്യപുത്രന്റെ ദ്വിതീയ ആഗമനമാണല്ലോ യുഗാന്ത്യപൂർണ്ണത. വിവേകമതികളായ അഞ്ചുകന്യകമാരെപ്പോലെ ജീവിതമാകുന്ന വിളക്കിൽ വിശുദ്ധിയും ജാഗ്രതയുമാകുന്ന എണ്ണയുമെടുത്ത് എപ്പോഴും നാം ജാഗ്രത പുലർത്തണം. യുഗാന്ത്യോന്മുഖ പ്രതീക്ഷയോടെ കർത്താവിന്റെ ദ്വിതീയാഗമനത്തിനായി കാത്തിരിക്കാം. മാറാനാത്ത അഥവാ കർത്താവേ, വരണമേ എന്ന് നമുക്കു പ്രാർത്ഥിക്കാം.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്

Read More:www.syromalabarliturgy.org